117 (1477) മാവേലിസ്റ്റോർ തുറന്ന് പ്രവർത്തനമാരംഭിക്കാൻ നടപടി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ അന്നമനട പഞ്ചായത്തിൽ മാമ്പ റയിൽ പ്രവർത്തിച്ചിരുന്ന മാവേലിസ്റ്റോർ വീണ്ടും തുറന്ന് പ്രവർത്തിക്കണ മെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മാവേലി സ്റ്റോർ തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാമ്പറയിൽ മാവേലിസ്റ്റോർ തുറക്കാൻ ലഭിച്ച കെട്ടിടത്തിന്റെ വാടക സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിക്കുന്നതിനെക്കാൾ വളരെ കൂടുതലായതിനാൽ അത് നെഗോഷ്യേറ്റ് ചെയ്ത് കുറയ്ക്കുവാനും മാവേലിസ്റ്റോർ എത്രയും വേഗം പ്രവർത്തനമാരംഭിക്കുവാനും നടപടി സ്വീക രിച്ചുവരുകയാണ്.

118 (1478) പുനലൂരിൽ മാവേലി സൂപ്പർ മാർക്കറ്റ്

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ മാവേലി സൂപ്പർ മാർക്കറ്റ് ആരംഭിക്കണമെന്ന് ആവ ശ്യപ്പെട്ട് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പുനലൂരിൽ മാവേലി സൂപ്പർ മാർക്കറ്റ് തുടങ്ങുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മാർക്കറ്റ് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയു മെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനലൂരിൽ മാവേലി സൂപ്പർ മാർക്കറ്റ് ആരംഭിക്കണമെന്ന് ആവ ശ്യപ്പെട്ട് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി)& (സി) പുനലൂരിൽ മാവേലി സൂപ്പർ മാർക്കറ്റ് തുടങ്ങുന്നകാര്യം പരിഗണനയിലുണ്ട്. എന്നാൽ ഉടനെ തുടങ്ങുവാൻ നിവൃത്തിയില്ല.

119 (1479) കോഴിക്കോട് താലൂക്കിലെ മാവേലി സ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ എത്ര പുതിയ മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിച്ചവയിൽ എത്ര മാവേലിസ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു;

(സി) പ്രവർത്തനം ആരംഭിക്കാത്ത എത്ര മാവേലിസ്റ്റോറുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ഡി) എന്തുകൊണ്ടാണ് ഇവ പ്രവർത്തനം ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചെണ്ണം.

(ബി),(സി)&(ഡി) മാവേലിസ്റ്റോറുകൾക്കായി ലഭിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ തീർന്നുവരുന്നതേയുള്ളൂ. അറ്റകുറ്റപണികൾ തീരുന്ന മുറയ്ക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

120 (1480) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മാവേലിസ്റ്റോറുകൾ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലിസ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(ബി) മാവേലിസ്റ്റോറുകൾ ഇല്ലാത്ത ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മറ്റു പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മാവേലിസ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഒരെണ്ണം വീതം തുടങ്ങുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഓരോ നിയോജകമണ്ഡലത്തിലും മാവേലി സ്റ്റോറില്ലാത്ത ഒരു പഞ്ചായത്തിലാണ് സ്റ്റോർ തുറക്കുന്നത്. ഇതിന്റെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിലെ തൃക്കൊടേരി പഞ്ചായത്തിൽ തൃക്കൊടേരിയിൽ പുതിയ മാവേലിസ്റ്റോർ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

121 (1481) അയിരൂർ പഞ്ചായത്തിൽ മാവേലിസ്റ്റോർ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അയിരൂർ പഞ്ചായത്തിൽ ചെറുകോൽപ്പുഴ ജംഗ്ഷനിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly